"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്-ലെ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2882/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.54/2024/പൊ.വി.വ തീയതി, 01.06.2024
2. പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്-ലെ കോർപ്പറേറ്റ് മാനേജർ 22.09.2025 തീയതിയായി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.12.2025 തീയതിയിലെ DEOPLR/2062/2025-B2 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.12.2025 തീയതിയിലെ ET5/24880/2025/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്-ലെ യു.പി.എസ്.ടി. ആയ ശ്രീമതി സോണിയ സ്റ്റീഫൻ-ന്റെ നിയമനവുമായി ബന്ധപ്പെട്ട് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 22.12.2025 തീയതിയിൽ വാദം കേട്ടു.

**2.ഹർജിക്കാരന്റെ വാദം താഴെ പറയും പ്രകാരമായിരുന്നു :**

പുനലൂർ സെന്റ് ഗൊരേറ്റി ഹൈസ്കൂളിലെ യു.പി.എസ്.റ്റി. ആയ സിസ്റ്റർ ചെറുപുഷ്പം 3-06-2024 മുതൽ 2-06-2026 വരെ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ ശ്രീമതി സോണിയ സ്റ്റീഫനെ 19-06-2024 പ്രാബല്യത്തിൽ നിയമിച്ചു ടി അപേക്ഷ താഴെപറയുന്ന കാരണത്താൽ പുനലൂർ ഉപ ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ചു നിരസിക്കുവാനുണ്ടായ കാരണം ചുവടെ നൽകുന്നു.

1. സിസ്റ്റർ ചെറുപുഷ്പത്തിന്റെ ശൂന്യവേതനാവധി അനുവദിച്ചു ഉത്തരവായിട്ടില്ല.

2 . സ.ഉ. (അച്ചടി) 199/2016 പൊ.വി.വ തീയതി 3-12-2016 നമ്പർ ഉത്തരവ് പ്രകാരം ഒരു അക്കാദമിക് വർഷത്തിൽ കൂടുതൽ ഉള്ള അവധി ഒഴിവിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത്

3. ടി സ്കൂളിൽ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചു കിട്ടിയിട്ടില്ല

4. ഈ മാനേജ്മെന്റ് നാളിതുവരെ ഭിന്നശേഷി സംവരണം പാലിച്ചതായി കാണുന്നില്ല

നിയമനം നിരസിച്ചതിനെതിരെ അപ്പീൽ അധികാരികൾ ഇതേ കാരണത്താൽ നിയമനം നിരസിച്ചു. നിയമനം നിരസിച്ചതിനെതിരെയുള്ള റിവ്യൂ പെറ്റീഷനാണ് ഇവിടെ സമർപ്പിക്കുന്നത്. റിവ്യൂ പെറ്റീഷനു ഉപോത്ബലകമായിട്ടുള്ള വാദങ്ങൾ പുവടെ നൽകുന്നു.

1. സിസ്റ്റർ ചെറുപുഷ്പത്തിന്റെ ശൂന്യ വേതനാവധി സ.ഉ.(സാധാ) നം. 7435/2024 ജിഇഡിഎൻ തീയതി 19.10.2024 പ്രകാരം അനുവദിച്ചു കിട്ടിയിട്ടുണ്ട്

2 . സംരക്ഷിത അധ്യാപക നിയമനത്തിനെതിരെ മാനേജ്മെൻ്റ് ബഹു സുപ്രീം കോടതിയിൽ ഹർജി നൽകിയിട്ടുണ്ട് ഹർജിയുടെ വിധി വരാത്തതുകൊണ്ടാണ് സംരക്ഷിത അധ്യാപക നിയമനം നടത്തുവാനുള്ള പ്രായോഗിക ബുദ്ധിമുട്ട് മാത്രവുമല്ല ഇത് ഒരു അവധി ഒഴിവുമാണ്. ടി നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണ്

3 . സീനിയർ നിയമനാർത്ഥികളായ ശ്രീ.ആൽഡ്രിൻ, ശ്രീമതി അനിത സ്റ്റാൻലി, ശ്രീമതി മേരിഹെലൻ, ശ്രീമതി.രേഷ്മ ജെറോം എന്നിവരുടെ നിയമനങ്ങൾ അംഗീകരിച്ചു കിട്ടിയിട്ടുണ്ട് ബാക്കി രണ്ട് പേരുടെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള ഹിയറിംഗ് സർക്കാർ തലത്തിൽ നടത്തി ഉത്തരവിനായി കാത്തിരിക്കുന്നു.

4 . ഈ മാനേജ്മെൻ്റിൽ നാളിതുവരെ ഭിനശേഷി സംവരണം പാലിച്ചതായി കാണുന്നില്ല എന്ന ന്യൂനത ചൂണ്ടി കാണിച്ചരിക്കുന്നത് വേണ്ടെത്ര പരിശോധന നടത്താതെയാണ് എന്ന് പറയുന്നതിൽ ഖേദമുണ്ട്. നിയമനം നിരസിച്ച് ഉത്തരവ് ഇറങ്ങുന്നതിന് മുമ്പ് ഈ മാനേജ്മെന്റിൽ ഭിന്നശേഷി നിയമനം നടത്തിയതായി റോസ്റ്റർ രജിസ്റ്റർ പരിശോധന നടത്തിയാൽ മനസിലാക്കാവുന്നതാണ്.

നിയമനം നിരസിക്കുന്നതിന് ഉന്നയിച്ചിട്ടുള്ള വാദങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ല ഈ കാരണത്താൽ പുനലൂർ സെന്റ് ഗൊരേറ്റി ഹൈസ്ക്ൂളിലെ യു.പി.എസ്.റ്റി. ആയി സിസ്റ്റർ ചെറുപുഷ്പത്തിൻ്റെ അവധി ഒഴിവിൽ നിയമിതയായ ശ്രീമതി സോണിയ സ്റ്റീഫൻന്റെ 19-06-2024 പ്രാബല്യത്തിലുള്ള നിയമനം അംഗീകരിച്ചു നൽകണമെന്ന് താൽപര്യപ്പെടുന്നു.

**3.പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴപ്പറയും പ്രകാരം വാദിച്ചു :**

പുനലൂർ കാത്തലിക് സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധികാര പരിധിയിൽ വരുന്ന സ്കൂൾ ആയ പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസിലെ യു.പി.എസ്.റ്റി ആയ സിസ്റ്റർ.ചെറുപുഷ്പം 03-06-2024 മുതൽ 02-06-2026 വരെ ശൂന്യവേതന അവധി എടുത്ത ഒഴിവിലേക്ക് 19-06-2024 മുതൽ ശ്രീമതി സോണിയ സ്റ്റീഫനെ മാനേജർ നിയമിച്ചു. സിസ്റ്റർ.ചെറുപുഷ്പത്തിന്റെ 03-06-2024 മുതൽ 02-06-2026 വരെയുള്ള അവധി അനുവദിച്ച് ഉത്തരവായിട്ടില്ല. സ.ഉ.(അച്ചടി) 199/2016/പൊ.വി.വ തീയതി 03-12-2016 നമ്പർ ഉത്തരവ് പ്രകാരം ഒരു അക്കാദമിക്ക് വർഷത്തിൽ കൂടുതൽ ഉള്ള അവധി ഒഴിവുകളിൽ കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 43, 51എ, 51ബി അവകാശികൾക്ക് വിധേയമായി സംരക്ഷിത അധ്യാപകരെ കൊണ്ടാണ് നിയമനം നടത്തേണ്ടത്. എന്നാൽ, ശ്രീമതി സോണിയ സ്റ്റീഫന് മേൽ പറഞ്ഞ അവകാശങ്ങൾ ഒന്നും ഉള്ളതായി കാണുന്നില്ല. പ്രസ്തുത സ്കൂളിൽ യു.പി.എസ്.റ്റി വിഭാഗത്തിൽ സീനിയർ നിയമനാർത്ഥികളായ ശ്രീ ആൽഡ്രിൻ, ശ്രീമതി അനിതാ സ്റ്റാൻലി, ശ്രീമതി മേരി ഹെലെൻ, ശ്രീമതി രേഷ്മ ജെറോം, ശ്രീമതി ജോയിസ്.എസ്.ജോർജ്, ശ്രീമതി അഞ്ജു.എസ് എന്നിവർ അംഗീകാരം ഇല്ലാതെ തുടരുന്നു. മാനേജ്മെൻറ് നാളിതുവരെയും ഭിന്നശേഷി സംവരണം പാലിച്ചതായി കാണുന്നില്ല എന്നീ അപാകതകൾ കാരണം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ച് നൽകി.

തുടർന്ന് മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിച്ചു. ജില്ല വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കാൻ ഇടയായ കാരണങ്ങൾ നിലനിൽക്കുന്നു എന്ന് കാണിച്ചു കൊണ്ട് കൊല്ലം വിദ്യഭ്യാസ ഉപഡയറക്ടറും നിയമനംഗികാര അപ്പീൽ നിരസിച്ചു നൽകുകയാണ് ഉണ്ടായത്.

തുടർന്ന് മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപേക്ഷ സമർപ്പിച്ചു. ആയതിൻ പ്രകാരം നിലവിൽ സിസ്റ്റർ ചെറുപുഷ്പം യു.പി.എസ്.റ്റിയുടെ 03-06-2024 മുതൽ 02-06-2026 വരെയുള്ള ശൂന്യവേതന അവധി സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നിരുന്നാലും സ.ഉ.(അച്ചടി) 199/2016 പൊ.വി.വ തീയതി 03-12-2016 നമ്പർ ഉത്തരവ് പ്രകാരം ഒരു അക്കാദമിക്ക് വർഷത്തിൽ കൂടുതൽ ഉള്ള അവധി ഒഴിവുകളിൽ കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 43, 51 എ. 51 ബി അവകാശികൾക്ക് വിധേയമായി സംരക്ഷിത അധ്യാപകരെ കൊണ്ടാണ് നിയമനം നടത്തേണ്ടത്. എന്നാൽ ശ്രീമതി സോണിയ സ്റ്റീഫന് മേൽ പറഞ്ഞ അവകാശങ്ങൾ ഒന്നും ഉള്ളതായി കാണുന്നില്ല. പ്രസ്തുത മാനേജ്മെൻറിൽ കാറ്റഗറി 1 പ്രൈമറി വിഭാഗത്തിൽ നാല് എണ്ണം ഒഴിവുകൾ ആണ് ബാക്ക് ലോഗ് ആയി ഉണ്ടായിരുന്നത് എന്നാൽ രണ്ട് നിയമനങ്ങൾ മാത്രമാണ് നിലവിൽ നടന്ന് അംഗീകാരം ലഭിച്ചിരിക്കുന്നത്. ആയതിനാൽ നാളിതുവരെയും ഭിന്നശേഷി സംവരണം പൂർണ്ണമായി പാലിച്ചിട്ടില്ല. പ്രസ്തുത സ്കൂളിൽ യു.പി.എസ്.റ്റി വിഭാഗത്തിൽ സീനിയർ നിയമനാർത്ഥികൾ നിലവിലും അംഗീകാരം ഇല്ലാതെ തുടരുന്നു. ടി സാഹചര്യത്തിൽ ശ്രീമതി സോണിയ സ്റ്റീഫന്റെ 19-06-2024 മുതൽ 02-06-2026 വരെയുള്ള യു.പി.എസ്.റ്റി തസ്തികയിലെ നിയമനംഗികാര റിവിഷൻ അപ്പീൽ പൊതുവിദ്യാഭ്യാസ

ഡയറക്ടറുടെ 22/04/2025 ലെ ET5/796072/2024 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച നൽകുകയാണ് ഉണ്ടായത്.

നിലവിൽ സിസ്റ്റർ ചെറുപുഷ്പം, യു.പി.എസ്.റ്റി. യുടെ 03-06-2024 മുതൽ 02-06-2026 വരെയുള്ള ശൂന്യവേതന അവധി സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്. എന്നിരുന്നാലും സ.ഉ.(അച്ചടി) 199/2016 പൊ.വി.വ തീയതി 03-12-2016 നമ്പർ ഉത്തരവ് പ്രകാരം ഒരു അക്കാദമിക്ക് വർഷത്തിൽ കൂടുതൽ ഉള്ള അവധി ഒഴിവുകളിൽ കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 43, 51 എ, 51 ബി അവകാശികൾക്ക് വിധേയമായി സംരക്ഷിത അധ്യാപകരെ കൊണ്ടാണ് നിയമനം നടത്തേണ്ടത്. എന്നാൽ ശ്രീമതി.സോണിയ സ്റ്റീഫന് മേൽ പറഞ്ഞ അവകാശങ്ങൾ ഒന്നും ഉള്ളതായി കാണുന്നില്ല.

പ്രസ്തുത മാനേജ്മെന്റിൽ  കാറ്റഗറി 1 പ്രൈമറി വിഭാഗത്തിൽ അഞ്ച് എണ്ണം ഒഴിവുകൾ ആണ് ബാക്ക് ലോഗ് ആയി ഉണ്ടായിരുന്നത്. എന്നാൽ നാല് നിയമനങ്ങൾ മാത്രമാണ് നിലവിൽ നടന്ന് അംഗീകാരം ലഭിച്ചിരിക്കുന്നത്. ആയതിനാൽ നാളിതുവരെയും ഭിന്ന ശേക്ഷി സംവരണം പൂർണ്ണമായി പാലിച്ചിട്ടില്ല.

പ്രസ്തുത സ്കൂളിൽ യു.പി.എസ്.റ്റി വിഭാഗത്തിൽ സീനിയർ നിയമനാർത്ഥികളായ, ശ്രീമതി.ജോയിസ്.എസ്.ജോർജ്, ശ്രീമതി.അഞ്ജു.എസ് എന്നിവർ അംഗീകാരം ഇല്ലാതെ തുടരുന്ന ടി സാഹചര്യത്തിൽ മാനേജരുടെ റിവിഷൻ അപ്പീൽ പരിഗണനാർഹമല്ല എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

4.സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസ്-ലെ യു.പി.എസ്.ടി. ആയ ചെറുപുഷ്പം 03.06.2024 മുതൽ 02.06.2026 വരെയുള്ള കാലയളവിലേക്ക് മതപരമായ ആവശ്യത്തിനുള്ള ശൂന്യവേതനാവധി എടുത്ത ഒഴിവിലേക്ക് 19.06.2024 തീയതിയിൽ ശ്രീമതി സോണിയ സ്റ്റീഫനെ മാനേജർ നിയമിച്ചു. സിസ്റ്റർ ചെറുപുഷ്പത്തിന്റെ അവധി അനുവദിച്ച് ഉത്തരമായിട്ടില്ല ഒരു അക്കാദമിക് വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 43, 51 എ, 51 ബി അവകാശികൾക്ക് വിധേയമായി സംരക്ഷിത അധ്യാപകരെ കൊണ്ടാണ് നിയമനം നടത്തേണ്ടത്. എന്നാൽ ശ്രീമതി സോണിയ സ്റ്റീഫന് മേൽപ്പറഞ്ഞ അവകാശങ്ങൾ ഒന്നും ഇല്ലാത്തതുകൊണ്ടും ടി സ്കൂളിൽ യു.പി.എസ്.ടി. വിഭാഗത്തിൽ ടിയാളെക്കാൾ സീനിയറായ നിയമനാർഥികളുടെ അംഗീകാരം ഇനിയും ലഭിക്കാനുള്ളതിനാലും ടി നിയമനം ഭിന്നശേഷി സംവരണം പാലിച്ച നടത്തിയത് അല്ലാത്തതിനാലും നിരസിക്കപ്പെട്ടു.

5.ശ്രീമതി സോണിയ സ്റ്റീഫന്റെ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ച കിട്ടണം എന്നുള്ളതാണ് ഹർജിക്കാരന്റെ ആവശ്യം. നിലവിൽ സിസ്റ്റർ ചെറുപുഷ്പം യു.പി.എസ്.ടി

- യുടെ 03.06.2024 മുതൽ 02.06.2026 വരെയുള്ള ശൂന്യ വേതനാവധി അംഗീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും G.O.(P) 199/2016/GEDN dated 03/12/2016 പ്രകാരം ഒരു അക്കാദമിക് വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ കെ.ഇ.ആർ. അദ്ധ്യായം XIV എ ചട്ടം 43, 51 എ, 51 ബി അവകാശികൾക്ക് വിധേയമായി സംരക്ഷിത അധ്യാപകരെ കൊണ്ടാണ് നിയമനം നടത്തേണ്ടത് എന്നിരിക്കിലും ശ്രീമതി സോണിയ സ്റ്റീഫന് മേൽപ്പറഞ്ഞ അവകാശങ്ങൾ ഇല്ല. കൂടാതെ പ്രസ്തുത സ്കൂളിൽ യു.പി.എസ്.റ്റി വിഭാഗത്തിൽ സീനിയർ നിയമനാർത്ഥികളായ ശ്രീമതി. ജോയിസ്.എസ്. ജോർജ്, ശ്രീമതി. അഞ്ജു എസ് എന്നിവർ ഇപ്പോഴും നിയമനാംഗീകാരം ഇല്ലാതെ തുടരുന്ന സാഹചര്യത്തിൽ പുനലൂർ സെന്റ് ഗൊരേറ്റി ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ നിരസിച്ച് അപ്രകാരം പരാമർശം (2) ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ

മാനേജർ, പുനലൂർ സെൻറ് ഗൊരേറ്റി എച്ച്.എസ്.എസ്, കൊല്ലം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 27-04-2026 14:39:38

സെക്ഷൻ ഓഫീസർ